(v) 2014-ലെ കേരള ധനകാര്യ സ്ഥാപന നിയന്ത്രണ അതോറിറ്റി രൂപീകരണ ബിൽ

മി. സ്പീക്കർ : ശ്രീ. എം.പി. വിൻസെന്റ്, അങ്ങേയ്ക്ക് 2014-ലെ കേരള ധനകാര്യ സ്ഥാപന നിയന്ത്രണ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കായുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എം. പി. വിൻസെന്റ് : സർ, 2014-ലെ കേരള ധനകാര്യ സ്ഥാപന നിയന്ത്രണ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുഹമ്മുണ്ണി ഹാജി : സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി : (ശ്രീ. കെ.എം. മാണി) : സർ, അമിത പലിശ വാങ്ങുന്നതിനെതിരെയുള്ള നിയമനിർമ്മാണം ഈ നിയമസഭ തന്നെ ഇതിനുമുൻപ് പാസ്സാക്കിയിട്ടുണ്ട്. ഇപ്പോൾത്തന്നെ നിയമമുണ്ട്. അനധികൃത ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുവാൻ ഐ.പി.സി. യിൽത്തന്നെ വകുപ്പുണ്ട്, കൂടാതെ പോലീസിന് നടപടിയെടുക്കാം. ഒരു പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല.

ശ്രീ. എം. പി. വിൻസെന്റ് : സർ, നമ്മുടെ കേരളത്തിന്റെ ഏറ്റവും ഗുരുതരമായ അവസ്ഥയായി ഇത് മാറിയിട്ടുണ്ട്. ഇന്ന് ഈ നിയമങ്ങളൊക്കെ ഉണ്ട് എന്നുപറഞ്ഞിട്ടും ഇത് നിയന്ത്രിക്കുവാൻ പറ്റാത്തതിന്റെ കാരണത്താലാണ് കുബേര പദ്ധതി രൂപീകരിക്കപ്പെട്ടത്. നിയമങ്ങളൊക്കെയുണ്ടെങ്കിലും നാട്ടിൽ നടക്കുന്ന കാര്യങ്ങൾ ജനങ്ങൾക്ക് ദുരിതപൂർണ്ണമായ രീതിയിലേക്ക് പോകുന്നു എന്നുള്ളത് കൊണ്ടാണ് അതിന് ഒരു അതോറിറ്റി രൂപീകരിക്കണമെന്നുപറഞ്ഞ് ഈ ബിൽ അവതരിപ്പിച്ചത്. കേരളം ഇന്ന് കടന്നുപോകുന്നത് ദരിദ്രരും നിരാലംബരുമായ കുറേ മനുഷ്യർ അനുഭവിക്കുന്ന പ്രശ്നങ്ങളിലൂടെയാണ്. അവരുടെ സാമ്പത്തിക ബുദ്ധിമുട്ടുകളും പരാധീനതകളും, മക്കളുടെ വിവാഹം, പഠനം തുടങ്ങിയ ആവശ്യങ്ങൾക്കൊക്കെ പൈസ ആവശ്യമാണ്. ഇവിടെ പുരാതനകാലം മുതൽക്കുതന്നെ കൊടുക്കൽ -വാങ്ങൽ നമ്മുടെ സമൂഹത്തിലുണ്ട്. ബാർട്ടർ സിസ്റ്റം തുടങ്ങി, കാലഘട്ടങ്ങളിലൂടെ കടന്നുവന്ന് പല രീതിയിലുള്ള സഹായങ്ങൾക്കുവേണ്ടി സാമ്പത്തികമായിട്ടുള്ള ബില്ലുകളും കാര്യങ്ങളും നിലവിലുണ്ടെങ്കിലും ഇന്നത് നിലനിർത്തിക്കൊണ്ടുപോകുന്ന കാര്യത്തിൽ വിഘാതം വരുന്നു എന്നുള്ളതാണ് ഏറ്റവും ദുരിതപൂർണ്ണമായിട്ടുള്ളത്. അതിന് നിർബന്ധമായും ഈ ബില്ല് എടുക്കുകയും ചർച്ച ചെയ്യുകയും വേണം. ഇത് എത്രകണ്ട് നിയന്ത്രിച്ചാലും പലിശക്ക് ഒരു നിയന്ത്രണം ഏർപ്പെടുത്തി പണം കൊടുക്കാനും വാങ്ങാനും ഒരു സംവിധാനമുണ്ടാക്കുകയും അതിനൊരു അതോറിറ്റി ഉണ്ടാക്കി അതിന്റെ കീഴിൽ പ്രവർത്തിച്ച് നാട്ടിൽ ജനങ്ങൾ ആവശ്യമായ സമയത്ത് സൗകര്യപ്രദമായി കിട്ടാനുള്ള സൗകര്യം കൂടി ഉണ്ടാക്കണം. കുബേര പോലെയുള്ള നടപടികളിലൂടെ കടന്നുവരുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളുടെ ഇടയിൽ വളരെ ഉത്തരവാദിത്വ പൂർണ്ണമായ സമീപനം ഉണ്ടായിട്ടുണ്ട് എന്നുള്ളത് ശരിയാണ്. അത്തരം സംരംഭങ്ങൾ ഉണ്ടെങ്കിലും നിരാലംബരായ മനുഷ്യന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ചൂഷണം ചെയ്ത് പലിശ മാഫിയകൾ വളരെയധികം പിടി മുറുക്കിക്കൊണ്ടിരിക്കുകയാണ്. അവരിൽനിന്നും ഈടായി ഭൂമിയും ചെക്കും പ്രോ-നോട്ടും ഒക്കെ വാങ്ങി അതിന്റെ പേരിൽ അവരുടെ ഭൂമി വിട്ടുപോകുന്ന ഒരു അവസ്ഥയുണ്ട്.

(ചർച്ച തുടരും)

മി. സ്പീക്കർ : ശ്രീ. എം. പി. വിൻസെന്റിന് ചർച്ച തുടരാവുന്നതാണ്. ഇന്ന് പ്രധാനപ്പെട്ട 5 ബില്ലുകളാണ് അവതരണവിഷയമായി വന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർ സ്വീകരിക്കുമോ ഇല്ലയോ എന്നതല്ല, ഗൗരവതരമായ ചർച്ച ഇതുമായി ബന്ധപ്പെട്ട് നടന്നു. ആ ചർച്ചയിൽ പങ്കെടുത്ത എല്ലാവരെയും ചെയർ അഭിനന്ദിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും ജൂലൈ 14-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂലൈ 14-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly